2024
FEBRUARY
21
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ഹൈവേയിൽ ട്രാക്റ്റർ പാടില്ല; കർഷകരോടു ഹൈക്കോടതി




**ചണ്ഡിഗഢ്:** സമരം ചെയ്യുന്ന കർഷകർ ദേശീയ പാതകളിൽ ട്രാക്റ്റർ ട്രോളികൾ ഉപയോഗിക്കരുതെന്നു പഞ്ചാബ് ഹരിയാന ഹൈക്കോടതി. മോട്ടോർ വാഹന നിയമപ്രകാരം ദേശീയപാതകളിൽ ട്രാക്റ്റർ ട്രോളികൾ ഉപയോഗിക്കാനാവില്ല. മൗലികാവകാശം ഉള്ളപ്പോഴും ഭരണഘടനാപരമായ ഉത്തരവാദിത്വങ്ങൾ പാലിക്കാനും ഉത്തരവാദിത്വമുണ്ടെന്നു മറക്കരുതെന്നും കോടതി പറഞ്ഞു.

"മോട്ടോർ വാഹന നിയമപ്രകാരം ദേശീയ പാതയിലൂടെ ട്രാക്റ്റർ ട്രോളിയിൽ സഞ്ചരിക്കാനാവില്ല. നിങ്ങൾ അമൃത്സറിൽ നിന്നു ഡൽഹിയിലേക്ക് ട്രോളിയിലാണ് വരുന്നത്. എല്ലാവർക്കും മൗലികാവകാശങ്ങളെക്കുറിച്ച് ബോധ്യമുണ്ട്. എന്നാൽ, ഭരണഘടനാപരമായ കടമകളും പാലിക്കേണ്ടതുണ്ട്" കോടതി പറഞ്ഞു.

കർഷകർ ഒരിടത്തും വൻതോതിൽ തടിച്ചുകൂടരുതെന്നും ഇക്കാര്യം പഞ്ചാബ് സർക്കാർ ഉറപ്പാക്കണമെന്നും കോടതി വ്യക്തമാക്കി. സമരം ചെയ്യാൻ അവകാശമുണ്ട്. എന്നാൽ, അതിനും ചില നിയന്ത്രണങ്ങളുണ്ടെന്നും ഹൈക്കോടതി.

കർഷകരുമായി ഇതുവരെ നടന്ന ചർച്ചകളുടെ വിശദാംശം സത്യവാങ്മൂലമായി സമർപ്പിക്കാൻ കോടതി കേന്ദ്ര സർക്കാരിനോടു നിർദേശിച്ചു. അഞ്ചു വർഷത്തേക്ക് അഞ്ചു വിളകൾ താങ്ങു വിലയുടെ അടിസ്ഥാനത്തിൽ വാങ്ങാമെന്ന കേന്ദ്ര നിർദേശം തള്ളിയ കർഷക സംഘടനകൾ ഇന്നു ഡൽഹി ചലോ മാർച്ച് പുനരാരംഭിക്കുമെന്നു പ്രഖ്യാപിച്ചിരുന്നു. ഇതിനിടെയാണു കോടതിയുടെ നിർദേശം.

## വയനാട്ടിലെ വന്യജീവിശല്യം പരിഹരിക്കാൻ

# ദുരന്തനിവാരണത്തിന് 13 കോടി, 250 പുതിയ ക്യാമറകൾ



**ബത്തേരി:** വയനാട്ടിൽ വന്യജീവി ശല്യം പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾക്ക് ഇന്ന് മന്ത്രിമാരുടെ നേതൃത്വത്തിൽ ചേർന്ന തദ്ദേശ ജനപ്രതിനിധികളുടെ യോഗത്തിൽ തീരുമാനമായി. റവന്യു, വനം, തദ്ദേശ മന്ത്രിമാരുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ ചികിത്സ സഹായം, ജനകീയ സമിതി രൂപീകരണം, പട്രോളിംഗ് സ്ക്വാഡുകൾ തുടങ്ങിയ കാര്യങ്ങളിലാണ് നിർദ്ദേശങ്ങളും തീരുമാനങ്ങളും ഉണ്ടായത്.

യോഗം വന്യജീവി ശല്യം പരിഹരിക്കാൻ രണ്ട് തരത്തിലാണ് നിർദ്ദേശങ്ങൾ പരിഗണിച്ചത്. സംസ്ഥാനം വന്യജീവി ആക്രമണങ്ങളിൽ പരിക്കേൽക്കുന്നവർക്ക് സ്വകാര്യ ആശുപത്രിയിലടക്കം ചികിത്സയ്ക്ക് ചെലവാകുന്ന തുക വഹിക്കുമെന്ന് മന്ത്രിമാർ യോഗത്തിൽ ഉറപ്പുനൽകി. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഉൾപ്പെടുന്ന ജനകീയ സമിതി വന്യജീവികളുടെ ആക്രമണം തടയുന്നതിന്റെ ഭാഗമായി രൂപീകരിക്കും. കളക്ടർ ഈ സമിതിയുടെ കോർഡിനേറ്ററായി പ്രവർത്തിക്കും. സ്ഥിതി രണ്ടാഴ്ച കൂടുമ്പോൾ യോഗം ചേർന്ന് വിലയിരുത്തുമെന്നും വനം മന്ത്രി പറഞ്ഞു.

അതേസമയം വയനാട്ടിലെ വിഷയം ജനങ്ങളുടെ ജീവൽപ്രശ്നമാണെന്നും അതിൽ രാഷ്ട്രീയം കലർത്തരുതെന്നും മന്ത്രി കെ രാജൻ ആവശ്യപ്പെട്ടു. വനമേഖലയിൽ കൂടുതൽ ഡ്രോണുകളെ വിന്യസിച്ച് നിരീക്ഷണം തുടരുമെന്ന് തദ്ദേശ വകുപ്പ് മന്ത്രി പറഞ്ഞു. അതിർത്തി മേഖലയിൽ 13 പട്രോളിംഗ് സ്ക്വാഡുകളെ നിയോഗിച്ചതായും വനമേഖലയിൽ 250 പുതിയ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാൻ ഇതിനോടകം നടപടി തുടങ്ങിയതായും മന്ത്രി പറഞ്ഞു. വയനാട്ടിലെ നിലവിലെ സാഹചര്യം നേരിടാൻ 13 കോടി രൂപ അനുവദിച്ചുവെന്ന് തദ്ദേശ വകുപ്പ് മന്ത്രി എം ബി രാജേഷും പറഞ്ഞു.

## ഇന്ത്യൻ വാഹന കമ്പനികൾക്ക് വൻ കുതിപ്പ്



**കൊച്ചി:** ഉത്തരേന്ത്യൻ വിപണിയിലെ സാമ്പത്തിക മുന്നേറ്റത്തിൻറെ കരുത്തിൽ ഇന്ത്യൻ വാഹന കമ്പനികൾ മികച്ച നേട്ടമുണ്ടാക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനും കാർഷിക, ഗ്രാമീണ മേഖലകളിലും പൊതു, സ്വകാര്യ മേഖലകളിൽ നിക്ഷേപത്തിലുണ്ടാകുന്ന വർധന ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഉപഭോക്താക്കളുടെ വാങ്ങൽശേഷി വർധിപ്പിക്കുകയാണ്.

രാജ്യത്തെ വാഹന വിൽപനയിൽ മികച്ച പ്രകടനവുമായി ദീർഘകാലമായി പിന്നാക്കവസ്ഥയിലായിരുന്ന ഉത്തർപ്രദേശും മഹാരാഷ്ട്രയും ഗുജറാത്തും അതിവേഗം മുന്നിലെത്തുകയാണെന്ന് വാഹന നിർമാതാക്കളുടെ കണക്കുകൾ വ്യക്തമാക്കുന്നു.

ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള മൂന്ന് മാസത്തിൽ രാജ്യത്ത് ഏറ്റവും കൂടുതൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് ഉത്തർപ്രദേശ് വിൽപനയിൽ മുൻപന്തിയിലെത്തി. സൊസൈറ്റി ഒഫ് ഇന്ത്യൻ ഓട്ടോമൊബൽ മാനുഫാക്ചേഴ്സ് അസോസിയേഷൻറെ കണക്കുകളനുസരിച്ച് മൊത്തം 8,22,472 വാഹനങ്ങൾ മൂന്ന് മാസത്തിനിടെ ഉത്തർപ്രദേശിൽ വിറ്റഴിച്ചു. കാറുകൾ, വാണിജ്യ വാഹനങ്ങൾ, ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ എന്നിവയുൾപ്പെടെയാണിത്. 6,88,192 വാഹനങ്ങളുടെ വിൽപനയുമായി മഹാരാഷ്ട്രയാണ് രണ്ടാം സ്ഥാനത്ത്.

4,21,026 വാഹനങ്ങളുടെ വിൽപന നേടി ഗുജറാത്ത് മൂന്നാം സ്ഥാനത്തുണ്ട്. തമിഴ്നാടാണ് വിൽപനയിൽ നാലാം സ്ഥാനത്തുള്ളതെന്നും വാഹന നിർമാതാക്കളുടെ കണക്കുകളിൽ പറയുന്നു. അവലോകന കാലയളവിൽ ഉത്തർപ്രദേശിൽ 23,859 മുച്ചക്ര വാഹനങ്ങളാണ് വിറ്റഴിച്ചത്. മുച്ചക്ര വാഹനങ്ങളുടെ വിൽപനയിൽ മഹാരാഷ്ട്രയും ഗുജറാത്തും ബിഹാറുമാണ് അടുത്ത സ്ഥാനങ്ങളിൽ.

ഇരുചക്ര വാഹനങ്ങളിൽ 6,73,962 യൂണിറ്റുകളുടെ വിൽപനയുമായി ഉത്തർപ്രദേശ് ഒന്നാം സ്ഥാനം നേടി. മഹാരാഷ്ട്രയിൽ 5,15,612 ഇരുചക്ര വാഹനങ്ങളാണ് ഒക്ടോബർ മുതൽ ഡിസംബർ വരെ വിറ്റഴിച്ചത്. മദ്ധ്യപ്രദേശിൽ ഇക്കാലയളവിൽ 3,35,478 ഇരുചക്രവാഹനങ്ങളുടെ വിൽപന നടന്നു. തമിഴ്നാട് 3,24,918 വാഹനങ്ങളുടെ വിൽപനയുമായി മൂന്നാം സ്ഥാനം നേടി. അതേസമയം യാത്രാവാഹനങ്ങളുടെ വിൽപനയിൽ 1,21,030 യൂണിറ്റുകളുടെ വിൽപനയുമായി മഹാരാഷ്ട്ര ഒന്നാം സ്ഥാനം നേടി.



# എക്സ്പ്രസ് ലൈറ്റ് നിരക്കുകൾ അവതരിപ്പിച്ച് എയർ ഇന്ത്യ എക്സ്പ്രസ്




**കൊച്ചി:** എയർ ഇന്ത്യ എക്സ്പ്രസ് ചെക്ക് ഇൻ ബാഗേജില്ലാത്ത യാത്രയ്ക്കുള്ള പ്രത്യേക എക്സ്പ്രസ് ലൈറ്റ് നിരക്കുകൾ അവതരിപ്പിച്ചു. എയർ ലൈനിൻറെ മൊബൈൽ ആപ്പിലും വെബ് സൈറ്റിലും എക്സ്പ്രസ് ലൈറ്റ് നിരക്കുകളിൽ യാത്ര ബുക്ക് ചെയ്യാം. ചെക്ക് ഇൻ ബാഗേജുകളില്ലാതെ യാത്ര ചെയ്യുന്ന യാത്രക്കാർക്ക് സാധാരണ നിരക്കിനെക്കാൾ കുറവാണ് എക്സ്പ്രസ് ലൈറ്റ് നിരക്ക് വാഗ്ദാനം ചെയ്യുന്നത്. എക്സ്പ്രസ് ലൈറ്റ് ചെക്ക് ഇൻ ബുക്ക് ചെയ്യുന്നവർക്ക് കൗണ്ടറുകളിലും ബാഗേജ് ബെൽറ്റുകളിലും ക്യൂ നില്ക്കുന്നതും ഒഴിവാക്കാം. കൂടാതെ 3 കിലോ അധിക ക്യാബിൻ ബാഗേജ് അലവൻസും ലഭിക്കും.

യാത്രക്കാർക്ക് എക്സ്പ്രസ് ലൈറ്റ് നിരക്കിൽ ടിക്കറ്റ് ബുക്ക് ചെയ്യുമ്പോൾതന്നെ അധികമായി മൂന്നു കിലോ കാബിൻ ബാഗേജ് കൂടി പ്രീ ബുക്ക് ചെയ്യാം. ഏഴു കിലോയുടെ സ്റ്റാൻഡേർഡ് കാബിൻ ബാഗേജ് അലവൻസിനു പുറമേയാണിത്. വെബ് സൈറ്റിലോ മൊബൈൽ ആപ്പിലോ ബുക്ക് ചെയ്യുന്ന സമയം മാനേജ് അല്ലെങ്കിൽ ചെക്ക്ഇൻ സെക്ഷനുകളിൽ ഇതു സാധ്യമാണ്. എക്സ്പ്രസ് ലൈറ്റ് നിരക്കിൽ ടിക്കറ്റ് ബുക്ക് ചെയ്തശേഷം ചെക്ക് ഇൻ ബാഗേജ് സേവനം പിന്നീട് ആവശ്യമായി വന്നാൽ അവർക്ക് 15 കിലോ അല്ലെങ്കിൽ 20 കിലോ അധിക ബാഗേജ് കുറഞ്ഞ നിരക്കിൽ മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്. വിമാനത്താവളത്തിലെ എയർ ലൈനിൻറെ കൗണ്ടറുകളിൽ നിന്നും ഈ ചെക്ക് ഇൻ ബാഗേജ് സേവനങ്ങൾ ലഭ്യമാണ്.

എക്സ്പ്രസ് ലൈറ്റ് നിരക്കുകളുടെ പ്രഖ്യാപനം ഒരു പുതിയ തുടക്കമാണെന്നും ലോകമെമ്പാടുമുള്ള യാത്രക്കാർക്കിടയിൽ പ്രചാരത്തിലുള്ള രീതിയാണ് എക്സ്പ്രസ് ലൈറ്റിലൂടെ അവതരിപ്പിക്കുന്നതെന്നും എയർ ഇന്ത്യ എക്സ്പ്രസ് ചീഫ് കൊമേഴ്സ്യൽ ഓഫീസർ അങ്കുർ ഗാർഗ് പറഞ്ഞു.

യാത്രക്കാർക്ക് ഏറ്റവും മികച്ച യാത്ര വാഗ്ദാനം ചെയ്യുന്നതിൽ ഞങ്ങളുടെ സമർപ്പണത്തെ അടിവരയിടുന്നതാണിത്. എയർ ഇന്ത്യ എക്സ്പ്രസിൻറെ ആഭ്യന്തര, അന്തർദേശീയ നെറ്റ്!വർക്കുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന എക്സ്പ്രസ് ലൈറ്റ് നിരക്കുകൾക്ക് വിമാനയാത്രയിലെ സൗകര്യങ്ങളെ പുനർനിർവചിക്കാനും മികച്ച മൂല്യം നല്കാനും സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.എക്സ്പ്രസ് ലൈറ്റ് നിരക്കുകൾക്ക് പുറമേ, എയർ ഇന്ത്യ എക്സ്പ്രസ് നിരവധി സേവനങ്ങൾ യാത്രക്കാർക്കായി ലഭ്യമാക്കുന്നുണ്ട്.

ഗൌർമേർ ഹോട്ട് മീൽസ്, എയർ ഫ്ലിക്സ് ഇൻഫ്ലൈറ്റ് എക്സ്പീരിയൻസ് ഹബ്, ഒരേ ദിവസം തന്നെ തടസമില്ലാതെ ഫ്ളൈറ്റ് മാറ്റങ്ങൾ വാഗ്ദാനം ചെയ്യുന്ന ഫ്ലൈ എഹെഡ് സേവനങ്ങൾ, എക്സ്ട്രാ സീറ്റ്, അധികമായി മൂന്നു അല്ലെങ്കിൽ അഞ്ചു കിലോ കാബിൻ ബാഗേജ് അലവൻസ് നൽകുന്ന എക്സ്ട്രാ കാരിഓൺ തുടങ്ങിയവ സൗകര്യങ്ങളാണിവ.

കൂടുതൽ റൂട്ടുകളിൽ ബിസിനസ് ക്ലാസ് കോൺഫിഗറേഷനുള്ള വിമാനം ഉൾപ്പെടെയുള്ള പുതിയ സർവീസുകൾ ഉടനെ അവതരിപ്പിക്കാനുള്ള ശ്രമത്തിലാണ് എയർ ഇന്ത്യ എക്സ്പ്രസ്.




# നിസ്സാന് ആഗോള പരിസ്ഥിതി അംഗീകാരം

**കൊച്ചി:**നിസ്സാൻ മോട്ടാറിന് ആഗോള പരിസ്ഥിതി എൻജിഒയായ സിഡിപിയുടെ അംഗീകാരം. ജലസുരക്ഷയുമായി ബന്ധപ്പെട്ട നിസാന്റെ ശ്രമങ്ങൾക്ക് തുടർച്ചയായി അഞ്ചാം തവണയും കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് തുടർച്ചയായി 11ാം തവണയുമാണ് സിഡിപിയുടെ എ ലിസ്റ്റിൽ നിസ്സാൻ ഇടം നേടിയത്.

ജലസുരക്ഷാ വിഭാഗത്തിൽ സിഡിപിയുടെ എ ലിസ്റ്റിംഗും കാലാവസ്ഥാ വ്യതിയാന വിഭാഗത്തിലെ ഞങ്ങളുടെ സ്ഥിരമായ നേതൃത്വ ശ്രമങ്ങൾക്കുള്ള അംഗീകാരവും ഒരിക്കൽ കൂടി ലഭിച്ചതിൽ അഭിമാനമുണ്ടെന്ന് നിസ്സാൻ സിഇഒ മകതോ ഉച്ചിദ പറഞ്ഞു

ആഗോളപരിസ്ഥിതി മാനേജ്മെന്റ് കമ്മിറ്റിയും പ്രാദേശിക കമ്മിറ്റികളും ചേർന്നുള്ള കാലാവസ്ഥാ വ്യതിയാനത്തിന്റെയും ജലസുരക്ഷാ വെല്ലുവിളികളുടെയും സമഗ്രമായ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാന സൂചികയെ അടിസ്ഥാനമാക്കിയുള്ള എക്സിക്യൂട്ടീവ് നഷ്ടപരിഹാര സംവിധാനം, നിസ്സാൻ ഉൽപ്പന്നങ്ങളുടെ ലൈഫ് സൈക്കിളിനും പ്രവർത്തനങ്ങൾക്കും വേണ്ടി നിശ്ചയിച്ചിട്ടുള്ള 2050 കാർബൺ ന്യൂട്രാലിറ്റി ലക്ഷ്യത്തിന്റെ പ്രമോഷൻ, ലോകത്തിലെ ആദ്യത്തെ ഇവി നിർമ്മാണ ഇക്കോസിസ്റ്റം,സിഒ2 റിഡക്ഷൻ ടാർഗെറ്റ്, ലോകമെമ്പാടുമുള്ള ഉൽപ്പാദന സ്ഥലങ്ങളിലെ ജല അപകടസാധ്യത വിലയിരുത്തൽ, മലിനജലത്തിന്റെ പുനരുപയോഗം വഴി ജല ഉപഭോഗം കുറയ്ക്കുകയും ജലക്ഷാമത്തിന് സാധ്യതയുള്ള സ്ഥലങ്ങളിൽ മഴവെള്ളം ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുക, ഡ്രെയിനേജ് വാട്ടർ മാനേജ്മെന്റ് മാനദണ്ഡങ്ങളും സുരക്ഷിതമായ ജലത്തിന്റെ ഗുണനിലവാര നിയന്ത്രണവും തുടങ്ങിയ നിസ്സാന്റെ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് സിഡിപി അംഗീകാരം നൽകിയതെന്നും മകതോ ഉച്ചിദ പറഞ്ഞു

# ആസ്റ്റർ ഇന്റഗ്രേറ്റഡ് ലിവർ കെയർ യൂണിറ്റ് ആരംഭിച്ചു

**പെരിന്തൽമണ്ണ:** കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ ഇന്റഗ്രേറ്റഡ് ലിവർ കെയർ (ഐ.എൽ. സി) യൂണിറ്റിന്റെ സേവനങ്ങൾ ഇനി മുതൽ പെരിന്തൽമണ്ണ മൗലാന ആശുപത്രിയിലും ലഭ്യമാകും.മലപ്പുറം ജില്ലയിലുള്ളവർക്ക് സംസ്ഥാനത്തെ ഏറ്റവും മികച്ച കരൾ പരിചരണങ്ങളും സേവനങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ലിനിക്ക് ആരംഭിച്ചത്. ഇതോടനുബന്ധിച്ച് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി പ്രത്യേക പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്.

ഇതോടൊപ്പം ജില്ലയിലെ നിർധന കുടുംബങ്ങളിലെ കുട്ടികളുടെ കരൾമാറ്റ ശസ്ത്രക്രിയക്ക് ആസ്റ്റർ മെഡ്സിറ്റി ചികിസാ സഹായം നൽകും. സന്നദ്ധ സംഘടനകളുമായി സഹകരിച്ചാണ് സഹായം ചെയ്യുക.കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ വിദഗ്ധ ഡോക്ടർമാരാണ് പെരിന്തൽമണ്ണ മൗലാന ആശുപത്രിയിലെ ഐ.എൽ. സി വിഭാഗത്തിന് നേതൃത്വം നൽകുന്നത്. എല്ലാ മാസവും ആദ്യത്തെയും മൂന്നാമത്തെയും തിങ്കളാഴ്ച്ചകളിൽ രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരു മണി വരെയാണ് ഡോക്ടർമാരുടെ കൺസൾട്ടേഷനുള്ള സൗകര്യം ഒരുക്കിയിട്ടുള്ളത്. ഹെപ്പറ്റോ പാൻക്രിയാറ്റോ ബൈലറി രോഗങ്ങൾക്കും ഗുരുതരമായ കരൾ രോഗങ്ങൾക്കും ഉൾപ്പെടെ സമഗ്രമായ ചികിത്സയും പരിചരണവും ഉൾപ്പെടെ ലഭിക്കും.




ആസ്റ്റർ മെഡ്സിറ്റിയിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയ രോഗികൾക്ക് സ്വന്തം നാട്ടിൽ തന്നെ തുടർ ചികിത്സ ലഭിക്കും എന്നതാണ് മറ്റൊരു സവിശേഷത. 500ൽ പരം കരൾമാറ്റ ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കിയ ഇന്ത്യയിലെ തന്നെ മികച്ച സെന്ററുകളിലൊന്നായ ആസ്റ്റർ മെഡ്സിറ്റിയിലെ വിദഗ്ദ ഡോക്ടർമാരുടെ സേവനങ്ങൾ ആണ് ലഭ്യമാകുന്നത്.ഐ.എൽ. സി ക്ലിനിക്കിന്റെ സേവനങ്ങൾ ലഭിക്കുന്നതിനായി മുൻകൂർ ബുക്ക് ചെയ്യേണ്ടതുണ്ട്. കൂടുതൽ വിവരങ്ങൾക്കും മുൻകൂർ ബുക്ക് ചെയ്യുന്നതിനുമായി 04933 262 262, 8111998022, 8138999157 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.ചടങ്ങിൽ കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ ഹെപ്പറ്റോളജി കൺസൾട്ടന്റും ലിവർ ട്രാൻസ്പ്ലാന്റ് ഫിസിഷ്യനുമായ ഡോ. മുഹമ്മദ് ഫവാസ് എൻ, ആസ്റ്റർ മെഡ്സിറ്റിയുടെ നോർത്ത് കേരള ഹെഡ് വിജീഷ് വി വി, മൗലാന ആശുപത്രിയിലെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ രാംദാസ്, മെഡിക്കൽ സൂപ്രണ്ട് ഡോ. കെ.എ.സീതി തുടങ്ങിയവർ പങ്കെടുത്തു.

# കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ സെമിനാർ 24ന്

**കൊച്ചി:** കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ സംഘടിപ്പിക്കുന്ന സെമിനാർ 'പ്രിന്റ് ആന്റ് ബിയോണ്ട്' എട്ടാമത് എഡിഷൻ ഫെബ്രുവരി 24ന് ഹോളിഡേ ഇന്നിൽ നടക്കും. തിരുവനന്തപുരം വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഡോ. ദിവ്യ എസ് അയ്യർ സെമിനാർ ഉദ്ഘാടനം ചെയ്യും.

ആൾ ഇന്ത്യ ഫെഡറേഷൻ ഓഫ് മാസ്റ്റർ പ്രിന്റേഴ്സ് പ്രസിഡന്റ് രാഘബേന്ദ്ര എൻ ദത്ത ബറുവ മുഖ്യ പ്രഭാഷണം നടത്തും. കെ എം പി എ പ്രസിഡന്റ് ലൂയി ഫ്രാൻസിസ് അധ്യക്ഷത വഹിക്കും. തുടർന്ന് അരവിന്ദ് ശേഖർ, സാഹിൽ റാവു, അനുജ് ഭാർഗ്ഗവ, പ്രഫ. ഡോ. രാജേന്ദ്രകുമാർ അനായത്ത്, രാമു രാമനാഥൻ എന്നിവർ വിവിധ സെഷനുകളിൽ സംസാരിക്കും. 'പ്രിന്റ് അറ്റ് 2030' എന്നതാണ് ഈ വർഷത്തെ പ്രമേയം.

അച്ചടി മേഖല ഏത് ദിശയിലേക്കാണ് വളരുന്നതെന്നും 2030 ആകുമ്പോൾ മൂലധന നിക്ഷേപം ഏതു മേഖലയിൽ നടത്തണമെന്നതിനെ കുറിച്ചും സെമിനാർ അവബോധം സൃഷ്ടിക്കുമെന്ന് സംഘാടക സമിതി ചെയർമാൻ രാജു എൻ കുട്ടി അറിയിച്ചു. രാവിലെ ഒൻപത് മുതൽ വൈകിട്ട് അഞ്ചു വരെ നടക്കുന്ന സെമിനാറിൽ പങ്കെടുക്കാൻ kmpacochin@gmail.com എന്ന ഇമെയിലിലോ 0484 4042715 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

# എൽ.ബി.എസ്. കമ്പ്യൂട്ടർ കോഴ്സ്

**കോട്ടയം:** പാമ്പാടി എൽ.ബി.എസ്. ഉപകേന്ദ്രത്തിൽ ആരംഭിക്കുന്ന ആറു മാസം ദൈർഘ്യമുള്ള തൊഴിലധിഷ്ഠിത ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ളിക്കേഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.

അർഹതപ്പെട്ട വിഭാഗങ്ങളിൽപ്പെടുന്നവർക്ക് നിയമാനുസൃത ഫീസാനുകൂല്യം ലഭിക്കും. വിശദവിവരത്തിന് ഫോൺ: 0481 2505900, 9895041706.

# ഒരു ഭാരത സർക്കാർ ഉത്പന്നം

സുബീഷ് സുധി,ഷെല്ലി എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ടി വി രഞ്ജിത്ത് സംവിധാനം ചെയ്യുന്ന ‘ ഒരു ഭാരത സർക്കാർ ഉത്പന്നം‘ എന്ന ചിത്രത്തിലെ വീഡിയോ ഗാനം റിലീസായി.വൈശാഖ് സുഗുണൻ എഴുതിയ വരികൾക്ക് അജ്മൽ ഹസ്ബുള്ള സംഗീതം പകർന്ന് ആര്യ ദയാൽ ആലപിച്ച ‘ആകെ താറുമാറിയത് തോലുരിഞ്ഞു പോണ്... എന്നാരംഭിക്കുന്ന ഗാനമാണ് റീലിസായത്.

അജു വർഗീസ്,ഗൗരി ജികിഷൻ,ദർശന എസ് നായർ,ലാൽ ജോസ്, വിനീത് വാസുദേവൻ,ജാഫർ ഇടുക്കി,ഗോകുൽ, രാജേഷ് അഴീക്കോടൻ തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു.ഭവാനി പ്രൊഡക്ഷൻസിന്റെ ബാനറിൽ രഞ്ജിത്ത് ജഗനാഥൻ,ടി വി കൃഷ്ണൻ തുരുത്തി,കെ സി രഘുനാഥ് എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം അൻസർ ഷാനിർവ്വഹിക്കുന്നു.നിസാം റാവുത്തർ തിരക്കഥ,സംഭാഷണമെഴുതുന്നു.ഗാനരചനഅൻവർ അലി,വൈശാഖ് സുഗുണൻ,സംഗീതംഅജ്മൽ ഹസ്ബുള്ള,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർനാഗരാജ്നാനി,പ്രൊഡക്ഷൻ കൺട്രോളർ ദീപക് പരമേശ്വരൻകലഷാജി മുകുന്ദ്,മേക്കപ്പ്റോണക്സ് സേവ്യർ,വസ്ത്രാലങ്കാരംസമീറ സനീഷ്,സ്റ്റിൽസ്അജി മസ്ക്കറ്റ്,പരസ്യക്കലയെല്ലോ ടൂത്ത്സ്,എഡിറ്റർജിതിൻ ഡി കെ,ക്രിയേറ്റീവ് ഡയറക്ടർ രഘുരാമവർമ്മ, ചീഫ്അസോസിയേറ്റ് ഡയറക്ടർഎം എസ് നിതിൻ, അസോസിയേറ്റ് ഡയറക്ടർഅരുൺ പി എസ്, അസിസ്റ്റന്റ് ഡയറക്ടർശ്യാം,അരുൺ,അഖിൽ, സൗണ്ട് ഡിസൈൻരാമഭദ്രൻ ബി,ഫിനാൻസ് കൺട്രോളർവിജീഷ് രവി, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്വിനോദ് വേണുഗോപാൽ, പ്രൊഡക്ഷൻ മാനേജർവിവേക്,പി ആർ ഒഎ എസ് ദിനേശ്.







# തണുപ്പ് ബിജിബാൽ ശിഷ്യന്റെ അരങ്ങേറ്റം

ഛായാഗ്രാഹകനായ രാഗേഷ് നാരായണൻ സംവിധാനം ചെയ്യുന്ന ’തണുപ്പി’ലെ പാട്ടുകൾ മനോരമ മ്യൂസിക് വാങ്ങി. ബിജിബാലിന്റെ ശിഷ്യൻ ബിബിൻ അശോക് സംഗീതസംവിധായകനായി അരങ്ങേറ്റം കുറിക്കുന്ന ചിത്രമാണ് തണുപ്പ്.

വിവേക് മുഴക്കുന്നാണ് ഗാനരചന നിർവഹിച്ചത്. ബിജിബാൽ, കപിൽ കപിലൻ, ജാനകി ഈശ്വർ, ശ്രീനന്ദ ശ്രീകുമാർ എന്നിവരാണ് ഗായകർ.പുതുമുഖങ്ങളായനിധീഷ്, ജിബിയ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി കാശി സിനിമാസിന്റെ ബാനറിൽ അനു അനന്തൻ, ഡോ. ലക്ഷ്മി എന്നിവർ ചേർന്നാണ് തണുപ്പ് നിർമ്മിച്ചത്.

കൂട്ടിക്കൽ ജയചന്ദ്രൻ, അരുൺ,രഞ്ജിത്ത് മണമ്പ്രക്കാട്ട്, ഷൈനി സാറ,പ്രിനു, ആരൂബാല,സതീഷ് ഗോപി,സാംജീവൻ,രതീഷ്,രാധാകൃഷ്ണൻ തലച്ചങ്ങാട്,ഷാനു മിത്ര, ജിഷ്ണു ഉണ്ണികൃഷ്ണൻ, ദിസിമ ദിവാകരൻ, സുമിത്ത് സമുദ്ര,മനോഹരൻ വെള്ളിലോട് തുടങ്ങിയവരും അഭിനയിക്കുന്നു.മണികണ്ഠൻ പി എസ് ഛായാഗ്രഹണം നിർവഹിക്കുന്നു. ബിജിഎം ബിബിൻ അശോക്,ക്രിയേറ്റീവ് ഡയറക്ടർ രാജേഷ് കെ രാമൻ, എഡിറ്റിംഗ്സഫ്ദർ മർവ,മേക്കപ്പ്പ്രദീപ് ഗോപാലകൃഷ്ണൻ, വസ്ത്രാലങ്കാരം രതീഷ് കോട്ടുളി,ശബ്ദസംവിധാനം രതീഷ് വിജയൻ, കളറിസ്റ്റ്ലിജു പ്രഭാകർ, കലാസംവിധാനം ശ്രീജിത്ത് കോതമംഗലം, പ്രവീൺ ജാപ്സി,

ചീഫ് അസോസിയേറ്റ് ഡയറക്ടർജംനാസ് മുഹമ്മദ്, അസോസിയേറ്റ് ഡയറക്ടർയദുകൃഷ്ണ ദയകുമാർ,സ്റ്റിൽസ് രാകേഷ് നായർ, പോസ്റ്റർ ഡിസൈൻ സർവ്വകലാശാല, വിഎഫ്എക്സ് സ്റ്റുഡിയോസെവൻത് ഡോർ.കണ്ണൂർ,വയനാട്, എറണാകുളം,ചെന്നൈ, കൂർഗ് എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയാക്കിയ ‘തണുപ്പ് ‘ ഉടൻ പ്രദർശനത്തിനെത്തും.പി ആർ ഒഎ എസ് ദിനേശ്.




# ഗോളം

യുവ നടൻ രഞ്ജിത്ത് സജീവ്,ദിലീഷ് പോത്തൻ എന്നിവരെ പ്രധാന കഥാപാത്രമാക്കിനവാഗതനായ സംജാദ് സംവിധാനം ചെയ്യുന്ന ‘ഗോളം‘ എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ മോഷൻ പോസ്റ്റർ റിലീസായി.ഫ്രാഗ്രന്റ് നേച്ചർ ഫിലിം ക്രിയേഷൻസിന്റെ ബാനറിൽ ആൻ, സജീവ് എന്നിവർ ചേർന്ന് നിർമിക്കുന്ന ഈ ചിത്രത്തിൽസിദ്ദിഖ്,അലൻസിയർ ,ചിന്നു ചാന്ദിനി,അൻസിൽ പള്ളുരുത്തി, കാർത്തിക് ശങ്കർ, ഹാരിസ് തുടങ്ങിയ പ്രധാന താരങ്ങൾക്കൊപ്പം പതിനേഴോളം പുതുമുഖ താരങ്ങളും അഭിനയിക്കുന്നു.സസ്പെൻസ് മിസ്റ്ററി ത്രില്ലറായി ഒരുക്കുന്ന ഈ ചിത്രത്തിന്റെ തിരക്കഥ സംഭാഷണം പ്രവീൺ വിശ്വനാഥ്, സംജാദ് എന്നിവർ ചേർന്ന് എഴുതുന്നു. മികച്ച വസ്ത്രാലങ്കാരത്തിനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാര ജേതാവ് മഞ്ജുഷ രാധാകൃഷ്ണനനാണ് ’ഗോള’ത്തിന്റെ വസ്ത്രാലങ്കാരം നിർവഹിക്കുന്നത്. ‘ഇരട്ട‘യിലൂടെ ശ്രദ്ധേനായ വിജയ് കൃഷ്ണൻ ഛായാഗ്രഹണം നിർവഹിക്കുന്നു. സംഗീത സംവിധാനവുംപശ്ചാത്തല സംഗീതവും എബി സാൽവിൻ തോമസ് നിർവഹിക്കുന്നു. എക്സിക്യൂട്ടിവ് പ്രൊഡ്യൂസർഉദയ് രാമചന്ദ്രൻ,പ്രൊഡക്ഷൻ കൺട്രോളർജിനു പി കെ,കലാ സംവിധാനംനിമേഷ് താനൂർ,മേക്കപ്പ്രഞ്ജിത്ത് മണാലിപറമ്പിൽ , കാസ്റ്റിംഗ് ഡയറക്ടർ ആക്ടർ ബിനോയ് നമ്പാല,സ്റ്റിൽസ്ജസ്റ്റിൻ വർഗീസ് ,ശബ്ദമിശ്രണംവിഷ്ണു ഗോവിന്ദ്.പി ആർ ഒഎ എസ് ദിനേശ്.

# മുഖ്യമന്ത്രിയുടെ മുഖാമുഖം: കേരള ലളിതകലാ അക്കാദമി ചിത്രമതിൽ ഒരുക്കുന്നു

**കൊച്ചി:** നവകേരള സദസ്സിന്റെ തുടർച്ചയായി തൃശ്ശൂരിൽ സംഘടിപ്പിക്കുന്ന സാംസ്കാരിക പ്രവർത്തകരുമായുള്ള മുഖ്യമന്ത്രിയുടെ മുഖാമുഖം പരിപാടിയുടെ പ്രചരണാർത്ഥം കാസർഗോഡ് മുതൽ പാറശ്ശാല വരെ കേരള ലളിതകലാ അക്കാദമി ചിത്രമതിൽ ഒരുക്കുന്നു. ഫെബ്രുവരി 25ന് തൃശ്ശൂർ ലുലു കൺവെൻഷൻ സെന്ററിൽ നടത്തുന്ന മുഖാമുഖം പരിപാടിയിൽ കലാ സാംസ്കാരിക മേഖലയിൽ നിന്നും തിരഞ്ഞെടുത്ത പ്രത്യേക അതിഥികളുമായി മുഖ്യമന്ത്രി പിണറായി വിജയൻ സംവദിക്കും. നവ കേരള നിർമ്മിതിക്കായി സംഘടിപ്പിക്കുന്ന രണ്ടായിരത്തോളം പ്രതിനിധികൾ പങ്കെടുക്കുന്ന ഈ പരിപാടിയുടെ പ്രചരണത്തിനായി എല്ലാ ജില്ലകളിലേയും നഗരസിരാകേന്ദ്രങ്ങളിലെ ചുമരുകളിൽ മുഖാമുഖം പരിപാടിയുടെ ലോഗോ ചിത്രമതിലായി കേരള ലളിതകലാഅക്കാദമി ഒരുക്കും. 75 ഓളം പ്രാദേശിക കലാകാരന്മാർ ചേർന്നാണ് ചുമരുകളിൽ വരയ്ക്കുക.

മുഖാമുഖം പരിപാടിയുടെ വേദിയായ തൃശ്ശൂർ ജില്ലയിലാണ് ഏറ്റവും അധികം ചുമർ ചിത്രങ്ങൾ ഒരുങ്ങുന്നത്.

# എയർഏഷ്യ ബിഗ് സെയിൽ കാമ്പെയ്ൻ ആരംഭിച്ചു




**കൊച്ചി:** ഇന്ത്യയിലെ നിരവധി നഗരങ്ങളിൽ നിന്ന് ക്വാലാലംപൂരിലേക്കും ബാങ്കോക്കിലേക്കും മറ്റു സ്ഥലങ്ങളിലേക്കും 0 രൂപ ബേസ് ഫെയർ സീറ്റുകളുള്ള തങ്ങളുടെ സിഗ്നേച്ചർ ബിഗ് സെയിൽ കാമ്പെയ്ൻ ആരംഭിച്ചു. തിരുവനന്തപുരം, വിശാഖപട്ടണം, ജയ്പൂർ, അഹമ്മദാബാദ് എന്നിവിടങ്ങളിൽ നിന്നും തുടങ്ങുന്ന എയർ ഏഷ്യ വിമാനങ്ങൾക്കാണ് ഈ ഓഫർ ഉള്ളത്.

ക്വാലാലംപൂർ, ബാങ്കോക്ക് ലങ്കാവി, ബാലി തുടങ്ങിയ സഞ്ചാരപ്രിയകേന്ദ്രങ്ങളിലേക്ക് ഈ ഓഫർ ഉപയോഗിച്ച് യാത്ര ചെയ്യാം. ഇന്ത്യയിൽ നിന്നുള്ള യാത്രക്കാർക്ക് 22 രാജ്യങ്ങളിലായി 130ലധികം എയർഏഷ്യ ലക്ഷ്യസ്ഥാനങ്ങളിലേക്കുള്ള കണക്റ്റിംഗ് ഹബ്ബായി ക്വാലാലംപൂർ ഉപയോഗിക്കാനുമാകും. ഈ കാമ്പയിൻ വഴി ബുക്ക് ചെയ്യുന്ന സീറ്റുകൾ 2024 സെപ്റ്റംബർ 1 മുതൽ 2025 ജൂൺ 18 വരെ യാത്രയ്ക്കായി ഉപയോഗിക്കാം. എയർ ഏഷ്യ ആപ്പ് അല്ലെങ്കിൽ വെബ്സൈറ്റ് വഴി യാത്രകൾ ആസൂത്രണം ചെയ്യുവാനും ടിക്കറ്റുകൾ ബുക്ക് ചെയ്യുവാനും സാധിക്കുമെന്ന് എയർഏഷ്യ ഏവിയേഷൻ ഗ്രൂപ്പിന്റെ ഗ്രൂപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബോ ലിംഗം പറഞ്ഞു.ഞങ്ങളുടെ ബൃഹത്തായ നെറ്റ് വർക്ക് മുതൽ വിലകുറഞ്ഞ നിരക്കുകൾ മുതൽ തനത് റൂട്ടുകൾ വരെയുള്ള എയർ ഏഷ്യയെ കുറിച്ചുള്ള എല്ലാ കാര്യങ്ങളും ഞങ്ങളുടെ പ്രധാന മൂല്യം കൊണ്ട് ക്യൂറേറ്റ് ചെയ്യപ്പെടുന്നു. ഒരു 'പീപ്പിൾസ് എയർലൈൻ' ആയതിനാൽ ഞങ്ങളുടെ സിഗ്നേച്ചർ ബിഗ് സെയിൽ കാമ്പയിൻ ഉൾപ്പടെ കൂടുതൽ മൂല്യവർദ്ധിത ഡീലുകൾ വാഗ്ദാനം ചെയ്യുന്നതിൽ ഞങ്ങൾ എപ്പോഴും സന്തുഷ്ടരാണ്.

അവിശ്വസനീയമായ 1 ബില്യണിനടുത്ത് അതിഥികൾ പറന്നുയർന്നതിന്റെ സന്തോഷം ആഘോഷിക്കുമ്പോൾ, വർഷങ്ങളായി ഞങ്ങളെ പിന്തുണച്ച ഇന്ത്യയിൽ നിന്നുള്ള ഞങ്ങളുടെ അതിഥികൾക്ക് നന്ദി പ്രകടിപ്പിക്കുന്നതിനുള്ള ഞങ്ങളുടെ എളിയ മാർഗം കൂടിയാണിതെന്നുമം ബോ ലിംഗം പറഞ്ഞു.

എയർഏഷ്യയുടെ ലോകപ്രശസ്ത ബിഗ് സെയിൽ കാമ്പെയ്നുകൾ, ജീവിതത്തിന്റെ എല്ലാ തുറകളിൽ നിന്നുമുള്ള ഇന്ത്യയിലെ യാത്രക്കാരെ വർഷങ്ങളായി താങ്ങാനാവുന്ന രീതിയിൽ ലോകം ചുറ്റി സഞ്ചരിക്കാൻ പ്രാപ്തമാക്കി.

ഈ പ്രമോഷണൽ നിരക്കുകൾക്ക് കീഴിൽ, ഫ്ലൈറ്റുകളുടെ അടിസ്ഥാന നിരക്കുകൾ 0 രൂപ മുതലാണ് ഈടാക്കുന്നത്. ഇത് അതിഥികൾക്ക് എയർപോർട്ട് ടാക്സും ഫീസുകളും മാത്രം അടച്ചു കുറഞ്ഞ ചെലവിൽ ലോകം ചുറ്റി സഞ്ചരിക്കാൻ അവസരമൊരുക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

# ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണം

**കൊച്ചി:** 2024 ഫെബ്രുവരി 29 വരെ വാർഷിക മസ്റ്ററിങ് സംബന്ധിച്ചു സർക്കാരിൽ നിന്ന് അറിയിപ്പ് ലഭ്യമായിട്ടില്ലെങ്കിൽ മാർച്ച് മാസം മുതൽ പെൻഷൻ തുടർന്ന് ലഭിക്കുന്നതിനായി കേരളാ കള്ളു വ്യവസായ ക്ഷേമനിധി ബോർഡിലെ തൊഴിലാളി കുടുംബ/സാന്ത്വന പെൻഷൻ ഗുണഭോക്താക്കൾ ലൈഫ് സർട്ടിഫിക്കറ്റ് മാർച്ച് 10 നകം എറണാകുളം വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ ഓഫീസിൽ ഹാജരാക്കണം.

# കേരളത്തിലുടനീളം ടൂറിസം ഫിനിഷിങ് സ്കൂളുകൾ; പുതിയ പദ്ധതിയുമായി കെടിഎഫ്സി

**തിരുവനന്തപുരം:** ഹോസ്പിറ്റാലിറ്റി, വിനോദസഞ്ചാര മേഖലകളിൽ വർധിച്ചു വരുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തി കൂടുതൽ പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ടൂറിസം വ്യവസായ മേഖലയിലെ സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനമായ കേരള ടൂറിസം ഫ്രറ്റേണിറ്റി സോഷ്യൽ വെൽഫയർ കോ ഓപറേറ്റീവ് സൊസൈറ്റി (കെടിഎഫ്സി) വിപുലമായ നൈപുണ്യ പരിശീലന പദ്ധതി നടപ്പിലാക്കുന്നു. ആദ്യഘട്ടത്തിൽ സംസ്ഥാനത്തുടനീളം ടൂറിസം ഫിനിഷിങ് സ്കൂളുകൾ സ്ഥാപിച്ച് മെച്ചപ്പെട്ട നൈപുണ്യ പരിശീലനം ലഭ്യമാക്കും. ടൂറിസം രംഗത്ത് നൈപുണ്യമുള്ള ജോലിക്കാരുടെ കുറവ് പരിഹരിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് കെടിഎഫ്സി പ്രസിഡന്റ് ടി. കെ. മൻസൂർ പറഞ്ഞു.

സംസ്ഥാനത്തുടനീളം ടൂറിസം ഫിനിഷ് സ്കൂളുകളുടെ ശൃംഖല സ്ഥാപിച്ച് വിപണിക്ക് ആവശ്യമായ വിവിധ പരിശീലന കോഴ്സുകൾ നൽകും. ടൂറിസം മേഖലയിലെ ആവശ്യങ്ങൾ മുൻനിർത്തി പ്രത്യേകമായി രൂപകൽപ്പന ചെയ്ത കോഴ്സുകളായിരിക്കും ഈ ഫിനിഷിങ് സ്കൂളുകൾ വഴി നൽകുക. ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഗസ്റ്റ് റിലേഷൻസ്, ഹോംസ്റ്റേ സംരംഭകത്വ വികസനം തുടങ്ങിയ കോഴ്സുകളാണ് നൽകുന്നത്. ടൂറിസം രംഗത്തു നിന്നുള്ള വിദഗ്ധരുടെ കൂടി സഹകരണത്തോടെ മികച്ച പരിശീലനമാണ് നൽകുക. ശരാശരി ആറു മാസം വരെ ദൈർഘ്യമുള്ള ഹ്രസ്വകാല കോഴ്സുകളുടെ ഭാഗമായി പ്രായോഗിക പരിശീലനവും ഇന്റേൺഷിപ്പും നൽകും.'2033ഓടെ ഇന്ത്യയിൽ ടൂറിസം, ഹോസ്പിറ്റാലിറ്റി മേഖലയിൽ നേരിട്ടും അല്ലാതേയുമായി 5.8 കോടി തൊഴിലവസരങ്ങളാണ് വരാനിരിക്കുന്നതെന്ന് ഹോട്ടൽസ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ പുതിയ കണക്കുകൾ പ്രവചിക്കുന്നു. ഇന്ത്യയിലെ പ്രധാന ടൂറിസം വിപണികളിലൊന്നായ കേരളത്തിലും വലിയ അവസരങ്ങളാണ് വരാനിരിക്കുന്നത്. ഈ രംഗത്തെ നൈപുണ്യ വിടവ് നികത്തി തൊഴിൽക്ഷമതയും തൊഴിൽവൈദഗ്ധ്യവുമുള്ളവരെ സൃഷ്ടിക്കുകയാണ് ടൂറിസം ഫിനിഷിങ് സ്കൂളുകളിലൂടെ ലക്ഷ്യമിടുന്നതെന്നും ടി. കെ. മൻസൂർ പറഞ്ഞു.

'താങ്ങാവുന്ന ചെലവിൽ ഗുണനിലവാരമുള്ള ടൂറിസം നൈപുണ്യ വികസന കോഴ്സുകൾ കൂടുതൽ പേരിലെത്തിക്കുന്നതോടൊപ്പം ടൂറിസം വികസന രംഗത്ത് പിന്നിലായ ജില്ലകളിലെ ചെറുതും വലുതുമായ ടൂറിസം നിക്ഷേപകർക്ക് പുതിയ സംരംഭങ്ങളൊരുക്കാൻ അനുഗുണമായ അന്തരീക്ഷം സൃഷ്ടിക്കാനും ഈ പദ്ധതിയിലൂടെ കെടിഎഫ്സി ലക്ഷ്യമിടുന്നു', സൊസൈറ്റി സെക്രട്ടറി സഞ്ജീവ് കുമാർ പറഞ്ഞു. ഐടി രംഗത്ത് അക്ഷയ പദ്ധതി സൃഷ്ടിച്ച വിപ്ലവത്തിനു സമാനമായ മുന്നേറ്റമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

പുതുതായി വരുന്ന ടൂറിസം ഫിനിഷിങ് സ്കൂളുകൾ ടൂറിസം ഫെസിലിറ്റേഷൻ ഹബ്ബുകളായി പ്രവർത്തിക്കും. ടൂറിസവുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങളും ഇവിടെ ലഭ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു.




# സ്രാവുകളുടെ സംരക്ഷണം ; ദേശീയ സ്രാവ് സംരക്ഷണ കർമപദ്ധതി വരുന്നു

**കൊച്ചി:** സ്രാവുകളുടെ സംരക്ഷണവും കൈകാര്യവും ലക്ഷ്യമിട്ടുള്ള ദേശീയ സ്രാവ് സംരക്ഷണ കർമപദ്ധതി (എൻപിഒഎ) നടപ്പിലാക്കാനൊരുങ്ങി കേന്ദ്രം.ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ഫിഷറീസ് മന്ത്രാലയം ബേ ഓഫ് ബംഗാൾ പ്രോഗ്രാം ഇന്റർ ഗവൺമെന്റൽ ഓർഗനൈസേഷനുമായി (ബിഒബിപി) ചേർന്ന് കൊച്ചിയിൽ സംഘടിപ്പിച്ച ശിൽപശാലയിൽ കർമപദ്ധതിയുടെ കരടിൻമേലുള്ള ചർച്ച നടന്നു. ഇന്ത്യൻ സമുദ്രാതിർത്തിയിലെ സ്രാവ് സമ്പത്ത് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനും പ്രധാന മുൻഗണന നൽകുന്നതാണ് കരട് സ്രാവ് സംരക്ഷണ കർമപദ്ധതി.

നിയമപരിരക്ഷ, മാനവവിഭവശേഷി വികസനം, വിവഹരസമാഹരണം, സ്രാവ് പിടുത്ത നിയന്ത്രണം, ജൈവവൈവിധ്യപാരിസ്ഥിതിക മുൻകരുതലുകൾ തുടങ്ങിയ നിർദേശങ്ങളാണ് കർമപദ്ധതിയിൽ പരാമർശിക്കുന്നത്.കടലിൽ 12 മുതൽ 200 നോട്ടിക്കൽ മൈൽ വരെയുള്ള പ്രദേശത്ത് നിയമനിർമ്മാണം, ലോഗ് ബുക്ക് സംവിധാനം നടപ്പിലാക്കൽ, മത്സ്യത്തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണം, മത്സ്യബന്ധനരീതികളിൽ നിയന്ത്രണങ്ങൾ പാലിക്കാൻ മത്സ്യത്തൊഴിലാളികളെ പ്രോത്സാഹിപ്പിക്കൽ തുടങ്ങി നിരവധി നിർദേശങ്ങളടങ്ങുന്നതാണ് ദേശീയ സ്രാവ് സംരക്ഷണ കർമപദ്ധതി. സമുദ്രമത്സ്യമേഖലയിലെ ശാസ്ത്രജ്ഞർ, പരിസ്ഥിതി പ്രവർത്തകർ, കേന്ദ്രസംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർ, വിവിധ എൻജിഒ പ്രതിനിധികൾ എന്നിവർ ശിൽപശാലയിൽ പങ്കെടുത്തു.സ്രാവ്ബന്ധനമേഖലയിൽ സുസ്ഥിരത കൈവരിക്കുന്നതിന് ഈ കർമപദ്ധതി ഗുണംചെയ്യുമെന്ന് കേന്ദ്ര ഫിഷറീസ് വകുപ്പ് ജോയിന്റ് സെക്രട്ടറി നീതുകുമാരി പ്രസാദ് പറഞ്ഞു.

ഇത് തയ്യാറാക്കുന്നതിന് മത്സ്യത്തൊഴിലാളി സംഘടനകൾ, ഗവേഷണ സ്ഥാപനങ്ങൾ, എൻജിഒകൾ എന്നിവരുമായി ചർച്ച നടത്തിയിട്ടുണ്ടെന്നും അവർ പറഞ്ഞു.സുസ്ഥിര മത്സ്യബന്ധന രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും സ്രാവുകളുടെയും മത്സ്യബന്ധന മേഖലയുടെയും ദീർഘകാല ആരോഗ്യം ഉറപ്പുവരുത്തുന്നതിനും കർമപദ്ധതി സഹായകരമാകുമെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു. കൂടാതെ, തീരദേശ സമൂഹങ്ങളുടെ ഉപജീവനമാർഗം ശക്തിപ്പെടുത്താനും ഇത് സഹായകരമാകും. ഇന്ത്യയിൽ രണ്ട് ലക്ഷത്തിലധികം ആളുകൾ അവരുടെ ഉപജീവനമാർഗത്തിന്റെ 50% സ്രാവ് മത്സ്യബന്ധനത്തിൽ നിന്ന് സമ്പാദിക്കുന്നുണ്ടെന്നും ശിൽപശാല ചൂണ്ടിക്കാട്ടി. പല സ്രാവ് ഇനങ്ങളുടെയും നിലനിൽപ് അപകടത്തിലാകുന്ന അവസ്ഥ കൂടിവരികയാണെന്നും അതിനാൽ ഇത്തരത്തിലുള്ള സംരക്ഷണ പദ്ധതികൾ ഏറെ അനിവാര്യമാണെന്നും ലോക ഭക്ഷ്യകാർഷിക സംഘടനയിലെ (എഫ്എഒ) സീനിയർ ഫിഷറി റിസോഴ്സ് ഓഫീസർ ഡോ കിം ഫ്രീഡ്മാൻ പറഞ്ഞു.സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ, ബിഒബിപി ഡയറക്ടർ ഡോ പി കൃഷ്ണൻ, ഡോ ഇ വിവേകാനന്ദൻ, ഡോ ശോഭ ജോ കിഴക്കൂടൻ, സഞ്ജയ് പാണ്ഡെ എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു.




# കളരിപ്പയറ്റ് മഹോത്സവം 2024 സംഘടിപ്പിച്ചു

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ കൺസ്യൂമർ ഡ്യൂറബിൾസ് ബ്രാൻഡായ ഉഷ കണ്ണൂരിലെ പള്ളിക്കുന്നിലുള്ള ശ്രീപുരം ഇംഗ്ലീഷ് മീഡിയം സ്കൂൾ ഓഡിറ്റോറിയത്തിൽ ഉഷ കളരിപ്പയറ്റ് ഗ്രാൻഡ് മഹോത്സവ് 2024 സംഘടിപ്പിച്ചു.
ലബാർ സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും കളരി സംഘടനയുടെയും പിന്തുണയോടെ സംഘടിപ്പിച്ച പരിപാടിയിൽ കണ്ണൂർ ജില്ലയിലെ 12 കളരി സംഘങ്ങളെ പ്രതിനിധീകരിച്ച് 172 പേർ വിവിധ ഇനങ്ങളിലായി മത്സരിച്ചു. മുഖ്യാതിഥിയായിരുന്ന കണ്ണൂർ കോർപ്പറേഷൻ മേയർ മുഹമ്മദ് മുസ്ലിഹ് മടത്തിൽ വിജയികളെ അനുമോദിച്ചു. ഒരു ദിവസം മുഴുവൻ നീണ്ടു നിന്ന പരിപാടിയിൽ പയ്യമ്പള്ളി കളരി സംഘം ഒന്നാം സ്ഥാനവും ശ്രീ ദുർഗ്ഗ കളരിയും ശ്രീ ഭരത് കളരിയും രണ്ടാം സ്ഥാനവും നേടി.

ശാരീരിക ചടുലത ആവശ്യപ്പെടുന്ന കളരി ഉൾപ്പെടെ ഇന്ത്യയിലുടനീളമുള്ള ഞങ്ങളുടെ പരമ്പരാഗത കായിക മത്സരങ്ങൾക്ക് ഞങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആവേശവും മികച്ച പ്രതികരണവും ഉഷയിൽ ഞങ്ങൾക്ക് പ്രോത്സാഹനത്തിന്റെ ഉറവിടമാണ്.

ഇന്ത്യയുടെ ഒരു പൈതൃക ബ്രാൻഡായതിനാൽ, ഇന്ത്യയുടെ സമ്പന്നമായ കായിക പൈതൃകത്തെ യുവതലമുറയുമായി ബന്ധപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നത് ഞങ്ങൾക്ക് അന്തർലീനമാണ്, മാത്രമല്ല കായികത്തിലൂടെ എല്ലാ പ്രായത്തിലുമുള്ള ആളുകൾക്കിടയിൽ ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഞങ്ങളുടെ സമഗ്രമായ ബ്രാൻഡ് ധാർമ്മികത വർദ്ധിപ്പിക്കുകയും ചെയ്യുന്നു.' ഉഷ ഇന്റർനാഷണലിന്റെ സ്പോർട്സ് ഇനിഷ്യേറ്റീവ്സ് ആൻഡ് അസോസിയേഷൻസ് മേധാവി കോമൾ മെഹ്റ പറഞ്ഞു.

# ഒറ്റപ്പാലത്ത് മഹാ ചണ്ഡികാ യജ്ഞം

**കൊച്ചി:** ഒറ്റപ്പാലത്ത് മഹാ ചണ്ഡികാ യജ്ഞത്തിന് ഒരുക്കങ്ങൾ പൂർത്തിയായതായി സംഘാടകർ അറിയിച്ചു.

മാർച്ച് 2, 3 തീയതികളിൽ യജ്ഞം നടക്കും. വെൽഫെയർ ഗ്രൂപ്പായ 'ശർമ്മാലയം' ആണ് ഈ ദൗത്യം ഏറ്റെടുത്തിരിക്കുന്നത്. ബ്രഹ്മശ്രീ ബ്രഹ്മമംഗലമഠം സൂര്യനാരായണ ശർമ്മ പാലക്കാട്, ഒറ്റപ്പാലത്ത് ശ്രീ രാമകൃഷ്ണ നിരഞ്ജന ആശ്രമത്തിൽ നടക്കുന്ന പൂജാ കർമ്മങ്ങൾക്ക് നേതൃത്വം നൽകും.

മഹാ ചണ്ഡികാ യജ്ഞത്തിന് പുറമെ ഗണപതി ഹോമം, സുദർശന ഹോമം, മൃത്യുഞ്ജയ ഹോമം,അഘോര ഹോമം,

ധന്വന്തരി ഹോമം,നരസിംഹ ഹോമം സർപ്പ ബലി,തുടങ്ങിയ പ്രത്യേക ഹോമങ്ങളും യജ്ഞവേദിയിൽ നടക്കുമെന്ന് സൂര്യനാരായണ ശർമ്മ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

മഹാചണ്ഡികാ യജ്ഞം ശാരീരിക മാനസിക അസ്വസ്ഥതകൾ, ദോഷ ഗ്രഹദോഷങ്ങൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ചണ്ഡികാ യജ്ഞം നടത്തുന്നത്.'യാഗപുരുഷൻ' പദവി ലഭിക്കാൻ ഭാഗ്യമുണ്ടാവുകയും 4 യാഗങ്ങൾക്കും 7 സമസ്തകൾക്കും നേതൃത്വം നൽകിയ ആചാര്യശ്രേഷ്ഠനാണ് ബ്രഹ്മശ്രീ സൂര്യനാരായണ ശർമ്മ.222 വർഷങ്ങൾക്ക് ശേഷം 2009ൽ കേരളത്തിൽ ആലുവ മണപ്പുറത്ത് അഗ്നിഷ്ടോമ സോമയാഗം നടത്തിയപ്പോൾ ബ്രഹ്മശ്രീ സൂര്യനാരായണ ശർമ്മയായിരുന്നു യാഗരക്ഷാ പുരുഷൻ.

2010ൽ ഗോകർണത്തിൽ നടന്ന 'മഹാ അതിരാത്ര'ത്തിലും 2011ൽ ബോംബെ മിറാജിൽ നടന്ന 'വാജ്പേയ'ത്തിലും പങ്കെടുത്ത കേരളത്തിലെ വൈദികപ്രമുഖനും അദ്ദേഹമായിരുന്നുവെന്നു യജ്ഞത്തിന്റെ സംഘാടകർ അറിയിച്ചു.

# എസ്.എസ്.എൽ.സി: എറണാകുളം ജില്ലയിൽ പരീക്ഷയെഴുതാൻ 32,530 വിദ്യാർഥികൾ

**കൊച്ചി:** 2024 ൽ സ്റ്റേറ്റ് സിലബസിൽ എറണാകുളം ജില്ലയിൽ എറണാകുളം, ആലുവ, മൂവാറ്റുപുഴ, കോതമംഗലം എന്നീ നാല് വിദ്യാഭ്യാസ ജില്ലകളിലായി ആകെ 32,530 റഗുലർ കുട്ടികൾകളും 9 സ്വകാര്യ വിദ്യാർഥികളും പരീക്ഷ എഴുതും. ഊൗ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 4 ന് ആരംഭിച്ച് മാർച്ച് 25 ന് അവസാനിക്കും. എല്ലാ ദിവസവും രാവിലെ 9.30 ന് ആരംഭിക്കുന്ന വിധത്തിലാണ് പരീക്ഷ ക്രമീകരിച്ചിരിക്കുന്നത്. ആവശ്യമുള്ള അദ്ധ്യാപകരെ പരീക്ഷാ നടത്തിപ്പിനായി നിയോഗിക്കുന്ന നടപടികൾ പൂർത്തിയാക്കികൊണ്ടിരിക്കുന്നു. 51 ക്ലസ്റ്ററുകളിലായി (എറണാകുളം 17, ആലുവ17, മൂവാറ്റുപുഴ9, കോതമംഗലം 8) തിരിച്ചിട്ടുള്ള പരീക്ഷാ കേന്ദ്രങ്ങളിലേക്കുള്ള ചോദ്യ പേപ്പറുകൾ ജില്ലയിലെ വിവിധ ട്രഷറികളിലും ആലുവ വിദ്യാഭ്യാസ ജില്ലയിലെ 9 ക്ലസ്റ്ററുകളിലെ ബാങ്കുകളിലും കോതമംഗലം വിദ്യാഭ്യാസ ജില്ലയുടെ പരിധിയിൽ വരുന്ന മാമലകണ്ടം ഗവണ്മെന്റ് ഹൈസ്ക്കൂളിലെ സ്ക്കൂളിലും സൂക്ഷിക്കും. എറണാകുളം ജില്ലയിൽ നാല് വിദ്യാഭ്യാസ ജില്ലകളിലായി 322 പരീക്ഷാ സെന്ററുകൾ ആണ് സജ്ജമാക്കിയിരിക്കുന്നത്. എറണാകുളം100, ആലുവ111, മൂവാറ്റുപുഴ54,



കോതമംഗലം53 എന്നിങ്ങനെയാണ് പരീക്ഷാ കേന്ദ്രങ്ങൾ. പരീക്ഷാ കേന്ദ്രങ്ങളിലെ പരിശോധനയ്ക്കായി ഗവണ്മെന്റ് സെക്രട്ടേറിയറ്റ് തലത്തിലും, റവന്യൂ ജില്ലാ, വിദ്യാഭ്യാസ ജില്ല തലത്തിലും പ്രത്യേകം സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ചോദ്യ പേപ്പർ വിതരണത്തിനായി ക്ലസ്റ്ററുകൾ തിരിച്ച് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. പരീക്ഷാ കേന്ദ്രങ്ങളിൽ ഔദ്യോഗിക സമയക്രമം കൃത്യമായും പാലിക്കേണ്ടതാണ് എന്ന് കർശനമായ നിർദേശം നൽകിയിട്ടുണ്ട്. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സഹായങ്ങൾ (അധിക സമയം, വ്യാഖ്യാതാവിന്റെ സേവനം, സ്ക്രൈബ്) ആവശ്യമുള്ളയിടത്ത് നൽകും.

എറണാകുളം വിദ്യാഭ്യാസ ജില്ലയിലെ ഉദയംപേരൂർ എസ്.എൻ.ഡി.പി. ഹൈസ്ക്കൂളിലാണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പരീക്ഷ എഴുതുന്നത് 527 കുട്ടികൾ. മൂവാറ്റുപുഴ വിദ്യാഭ്യാസ ജില്ലയിലെ മൂവാറ്റുപുഴ എൻ.എസ്.എസ് ഹൈസ്കൂളിലും ശിവൻകുന്ന് ഗവണ്മെന്റ് ഹൈസ്ക്കൂളിലാണ് ഏറ്റവും കുറവ് വിദ്യാർത്ഥികൾ പരീക്ഷ എഴുതുന്നത് ഒരാൾ വീതമാണ് ഇവിടെ പരീക്ഷയെഴുതുന്നത്.എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷിന്റെ അധ്യക്ഷയിൽ യോഗം ചേർന്നു. വിദ്യാഭ്യാസ വകുപ്പ് ഉപഡയറക്ടർ ഹണി ജി. അലക്സാണ്ടർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# വിപുലീകൃത ബാറ്ററി വാറന്റി പ്രോഗ്രാം അവതരിപ്പിച്ച് ഒഡീസ്

**മുംബൈ:** പ്രീമിയം ഇലക്ട്രിക് വാഹന നിർമ്മാതാക്കളായ ഒഡീസ് ഇലക്ട്രിക് വെഹിക്കിൾസ്, തങ്ങളുടെ ജനപ്രിയ മോഡലുകളുടെ ബാറ്ററികൾക്കായി വിപുലമായ വാറന്റി പ്രോഗ്രാം അവതരിപ്പിച്ചു. എല്ലാ ഘശശീ മോഡലുകൾക്കും കമ്പനി രണ്ടു വർഷത്തെ അധിക ബാറ്ററി വാറന്റി വാഗ്ദാനം



ചെയ്യുന്നു. 2024 മാർച്ച് 1 മുതൽ ഒഡീസ് വാഹനങ്ങൾ വാങ്ങുന്ന എല്ലാ ഉപഭോക്താക്കൾക്കും തിരഞ്ഞെടുത്ത മോഡലുകൾക്ക് 5 വർഷം വരെ ദീർഘിപ്പിച്ച വാറന്റി കാലയളവ് പ്രയോജനപ്പെടുത്താമെന്ന് ഒഡീസ് ഇലക്ട്രിക് വെഹിക്കിൾസ് പ്രൈവറ്റ് ലിമിറ്റഡ് സിഇഒ നെമിൻ വോറ പറഞ്ഞു

വിപുലീകൃത വാറന്റി പ്രോഗ്രാമിന് കീഴിൽ, ബാറ്ററി വാറന്റി സ്റ്റാൻഡേർഡ് മൂന്നു വർഷത്തിൽ നിന്ന് അഞ്ചു വർഷത്തേക്ക് നീട്ടാം, ഇത് ബാറ്ററി ഘടകം മാത്രം ഉൾക്കൊള്ളുന്നു. 'വിപുലീകൃത വാറന്റി പ്രോഗ്രാം ഉപഭോക്താക്കളോടും സുസ്ഥിരമായ മൊബിലിറ്റിയോടും ഒഡീസ്സിന്റെ പ്രതിബദ്ധതയെ കൂടുതൽ കാണിക്കുന്നു. ഈ സംരംഭത്തിലൂടെ, ബാറ്ററി തകരാറിനെ ഭയപ്പെടാതെ ഉപഭോക്താക്കൾക്ക് ഇലക്ട്രിക്ക് വാഹനങ്ങൾ ഉപയോഗിക്കാൻ കഴിയും.'വാഹനം വാങ്ങി 365 ദിവസത്തിനുള്ളിൽ പ്ലാൻ വാങ്ങാം, ബാറ്ററിയുടെ പ്രായവും ശേഷിയും അടിസ്ഥാനമാക്കി ബാറ്ററിയുടെ വില വരെ പരിധിയില്ലാത്ത ക്ലെയിമുകൾ നടത്താം, കമ്പനിയുടെ അംഗീകൃത സേവന കേന്ദ്രങ്ങളിൽ സേവനം നടപ്പിലാക്കുമെന്നും അദ്ദേഹം പറഞ്ഞു.




# ജോയ് ആലുക്കാസിന്റെ ജീവചരിത്രം ബ്രിട്ടീഷ് പാർലമെന്റിൽ

**കൊച്ചി:** പ്രമുഖ വ്യവസായിയും ജോയ്ആലുക്കാസ് ഗ്രൂപ്പ് മേധാവിയുമായ ജോയ് ആലുക്കാസിന്റെ ജീവചരിത്രം സ്പ്രെഡിങ് ജോയ് ബ്രിട്ടീഷ് പാർലമെന്റ് അംഗങ്ങൾക്ക് മുൻപിൽ അവതരിപ്പിച്ചു. ബ്രിട്ടീഷ് പാർലമെന്റിലെ ഗ്രിമോണ്ട് ഹാളിൽ ബ്രിട്ടീഷ് സൗത്ത് ഇന്ത്യ കൗൺസിൽ സംഘടിപ്പിച്ച ചടങ്ങിൽ മാർട്ടിൻ ഡേ, വിരേന്ദ്ര ശർമ, സ്റ്റീഫൻ ടിംസ് തുടങ്ങി പ്രമുഖ എംപിമാർക്കാണ് പുസ്തകത്തിന്റെ പകർപ്പ് ജോയ് ആലുക്കാസ് കൈമാറിയത്. ചടങ്ങിൽ ബംഗ്ലദേശി വംശജരുടെ പ്രതിനിധിയായ ബരോനസ് ഉദ്ദീനും പങ്കെടുത്തു.കേരളത്തിലെ ചെറിയൊരു പട്ടണത്തിൽ നിന്നാരംഭിച്ച് ലോകത്തമൊട്ടാകെ വളർന്നു പന്തലിച്ച ഒരു സംരംഭം കെട്ടിപ്പടുത്ത കഥയും തന്റെ ജീവിതാനുഭവങ്ങളുമാണ് പുസ്തകത്തിൽ ജോയ് ആലുക്കാസ് പറയുന്നത്. ബിസനസ് സംരംഭകത്വ രംഗത്ത് പുതുതലമുറയ്ക്കുള്ള പാഠങ്ങളും ഉൾക്കൊള്ളുന്നു.തനിക്കു ലഭിച്ച ഊഷ്മള സ്വീകരണത്തിന് ജോയ് ആലുക്കാസ് കൃതജ്ഞത അറിയിച്ചു. ബ്രിട്ടീഷ് പാർലമെന്റ് അംഗങ്ങളുമായി തന്റെ അനുഭവം പങ്കുവയ്ക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും ഇരു രാജ്യങ്ങളുടേയും പാരമ്പര്യത്തിന്റെ സാംസ്കാരിക സാമ്പത്തിക പ്രാധാന്യത്തേയും അദ്ദേഹം എടുത്തുപറഞ്ഞു.

### ആഡംബര സീനിയർ ലിവിംഗ് പാർപ്പിട പദ്ധതികൾ

# അസറ്റ് ഹോംസും കൊളംബിയ പസഫിക് കമ്യൂണിറ്റീസും കൈകോർക്കുന്നു

**കൊച്ചി:** കേരളത്തിൽ ആഡംബര സീനിയർ ലിവിംഗിനുള്ള ഡിമാൻഡ് വർധിക്കുന്നതു കണക്കിലെടുത്ത് സംസ്ഥാനത്തെ പ്രമുഖ ബിൽഡറായ അസറ്റ് ഹോംസ് സീനിയർ ലിവിംഗ് വിപണിയിലേയ്ക്ക്.

ഈ രംഗത്തെ ആഗോള അനുഭവസമ്പത്ത് ഉപയോഗപ്പെടുത്തുന്നതിനായി ആഗോള സീനിയർ ലിവിംഗ് രംഗത്തെ മുൻനിര സാന്നിധ്യവും രാജ്യത്തെ ഏറ്റവും വലിയ സീനിയർ ലിവിംഗ് കമ്യൂണിറ്റി ഓപ്പറേറ്ററുമായ കൊളംബിയ പസഫിക് കമ്യൂണിറ്റീസും അസറ്റ് ഹോംസും തമ്മിൽ ഇതു സംബന്ധിച്ച സംയുക്തസംരഭത്തിന് ധാരണയായി. ധാരണാപത്രം കൊച്ചിയിൽ നടന്ന ചടങ്ങിൽ അസറ്റ് ഹോംസ് മാനേജിംഗ് ഡയറക്ടർ സുനിൽ കുമാർ വി.യും കൊളംബിയ പസഫിക് കമ്യൂണിറ്റീസ് ഡയറക്ടർ ശിവകുമാർ വി.യും ഒപ്പുവെച്ചു.യുഎസിലെ സിയാറ്റിൽ ആസ്ഥാനമായ കൊളംബിയ പസഫിക് ഗ്രൂപ്പിന്റെ സബ്സിഡിയറിയാണ് കൊളംബിയ പസഫിക് കമ്യൂണിറ്റീസ്. സീനിയർ ലിവിംഗ് കമ്യൂണിറ്റീസ് നിർമാണം, മാനേജ്മെന്റ്, ഓപ്പറേഷൻസ് മേഖലകളിൽ യുഎസ്, ചൈന, കാനഡ, യുകെ, മലേഷ്യ, ഇന്ത്യ എന്നീ രാജ്യങ്ങളിലായി നാല് ദശകത്തിലേറെക്കാലത്തെ അനുഭവസമ്പത്താണ് ഗ്രൂപ്പിനുള്ളത്. ഈ പശ്ചാത്തലത്തിൽ അസറ്റ് ഹോംസും കൊളംബിയ പസഫിക്കും തമ്മിലുള്ള സഹകരണം സീനിയർ ലിവിംഗ് രംഗത്തെ രൂപകൽപ്പന, നിർമാണം, സൗകര്യങ്ങൾ, സേവനങ്ങൾ എന്നീ സമസ്ത മേഖലകളിലും തീർത്തും പുതിയ മാറ്റങ്ങളാണ് കൊണ്ടുവരിക. സമാധാനപൂർണവും ആകുലതകളില്ലാത്തുമായ ആഡംബര സീനിയർ ലിവിംഗ് ഉറപ്പുവരുത്തുന്നതിനു ലക്ഷ്യമിട്ടുള്ളതാകും ഈ പദ്ധതികൾ.തിരുവനന്തപുരം, കോട്ടയം, കൊച്ചി, കോഴിക്കോട് എന്നിവടങ്ങളിലായി നാല് ആഡംബര സീനിയർ ലിവിംഗ് ഭവന പദ്ധതികളാണ് നിർമാണമാരംഭിക്കുന്നത്. അസറ്റ് യംഗ് @ ഹാർട്ട് ബൈ കൊളംബിയ പസഫിക് എന്ന പേരിൽ ഈ പദ്ധതികളിലായി 1000 യൂണിറ്റുകളാണ് നിർമിക്കുക. 202425 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ നിർമാണമാരംഭിക്കും.ഉപയോക്താക്കളുടെ മാറി വരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് നൂതന സൗകര്യങ്ങളുള്ള വ്യത്യസ്തമായ പാർപ്പിട പദ്ധതികൾ അവതരിപ്പിക്കുകയെന്ന കമ്പനിയുടെ പ്രതിബദ്ധതയുടെ ഭാഗമാണ് പുതിയ സീനിയർ ലിവിംഗ് പദ്ധതികളെന്ന് ചടങ്ങിൽ സംസാരിച്ച അസറ്റ് ഹോംസ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ സുനിൽ കുമാർ വി. പറഞ്ഞു.




# ബജാജ് അലയൻസ് ലൈഫും സറ്റീൻ ക്രെഡിറ്റ് കെയറും കവർഫോക്സുമായി സഹകരിക്കും

**കൊച്ചി:** മുൻനിര സ്വകാര്യ ലൈഫ് ഇൻഷുറൻസ് കമ്പനിയായ ബജാജ് അലയൻസ് ലൈഫും മൈക്രോ ഫിനാൻസ് എൻബിഎഫ്സി ആയ സറ്റീൻ ക്രെഡിറ്റ് കെയറും ഗ്രാമീണ മേഖലകളിലെ ലൈഫ് ഇൻഷുറൻസ് ലഭ്യത വർധിപ്പിക്കാൻ ഇൻഷുറൻസ് ബ്രോക്കിങ് സ്ഥാപനമായ കവർഫോക്സുമായി സഹകരണത്തിനു തുടക്കം കുറിച്ചു.

സറ്റീൻ ക്രെഡിറ്റ് കെയർ ഉപഭോക്താക്കൾക്ക് തങ്ങളുടെ വായ്പകൾക്ക് ബജാജ് അലയൻസ് ലൈഫിന്റെ പ്രത്യേകമായ ഇൻഷുറൻസ് പോളിസികൾ വഴി പരിരക്ഷ നേടാനാവും. കവർഫോക്സിന്റെ അടിസ്ഥാന സൗകര്യങ്ങളാകും ഇൻഷുറൻസ് വിൽപനയ്ക്കും സേവനങ്ങൾക്കുമായി ഡിജിറ്റൽ രീതിയിൽ പ്രയോജനപ്പെടുത്തുക. സാമ്പത്തിക സുരക്ഷ നൽകുകയും ഉപഭോക്താക്കൾക്ക് തങ്ങളുടെ ലക്ഷ്യങ്ങൾ എളുപ്പത്തിൽ കൈവരിക്കാൻ അവസരം നൽകുകയും ചെയ്യുന്നതാണ് സഹകരണമെന്ന് ബജാജ് അലയൻസ് ലൈഫ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ ധീരജ് സെഹ്ഗാൾ പറഞ്ഞു.

സമഗ്രമായ സാമ്പത്തിക സേവനങ്ങൾ പ്രദാനം ചെയ്തു കൊണ്ട് മുന്നേറുന്ന തങ്ങൾ മൂന്നു ദശലക്ഷത്തിലേറെ വരുന്ന തങ്ങളുടെ കുടുംബത്തിന് പരിരക്ഷയുടെ കവചം കൂടി ലഭ്യമാക്കുകയാണെന്ന് സറ്റീൻ ക്രെഡിറ്റ് കെയർ ചെയർമാനും മാനേജിങ് ഡയറക്ടറുമായ എച്ച് പി സിങ് പറഞ്ഞു.

ഗ്രാമീണ, വിദൂര മേഖലകളിലുള്ള ജനങ്ങളെ ശാക്തീകരിക്കുന്നതാണ് ഈ നീക്കമെന്ന് കവർഫോക്സ് ഗ്രൂപ്പ് ഓഫ് കമ്പനീസ് സിഇഒ സഞ്ജീബ് ഝാ പറഞ്ഞു.

# സൊലേസ് വില്ലേജ് കൊച്ചിയിൽ പ്രവർത്തനമാരംഭിച്ചു

**കൊച്ചി:** ലഹരി വസ്തുക്കളുടെ ദുരുപയോഗം, മദ്യപാനാസക്തി, സൈക്യാട്രിക്ക്, നാഡീവ്യവസ്ഥ തകരാറുകൾ എന്നിവയുള്ള രോഗികളുടെ ചികിത്സയും

പുനരധിവാസവും ലക്ഷ്യമിട്ട് സൊലേസ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ കേരളത്തിലെ ഏറ്റവും വലിയ സൈക്യാട്രിക് ഹോസ്പിറ്റലും ഡീഅഡിക്ഷൻ സെന്ററുമായ 'സൊലേസ് വില്ലേജ്' കാക്കനാട് നിലംപതിഞ്ഞമുകൾ രാജഗിരി വാലിയിൽ ആരംഭിച്ചു. ഹൈബി ഈഡൻ എം പി ഉദ്ഘാടനം നിർവഹിച്ചു. നടൻ നരേൻ മുഖ്യാതിഥിയായിരുന്നു.ലഹരി വിമുക്തി, വ്യക്തിത്വ വൈകല്യങ്ങൾ, സൈക്കോസിസ്, ബൈപോളാർ, ഡിപ്രസീവ് ഡിസോർഡേഴ്സ്, ഫോബിയ, എന്നിവയ്ക്കുള്ള പ്രത്യേക ചികിത്സാ പദ്ധതികൾ സജ്ജമാക്കിയിട്ടുണ്ടെന്ന് കൺസൾട്ടന്റ് സൈക്യാട്രിസ്റ്റും സൊലേസ് ഗ്രൂപ്പിന്റെ സി.ഇ.ഒ.യും സ്ഥാപകനുമായ ഡോ. പ്രതീഷ് പി ജെ പറഞ്ഞു.പ്രമുഖ സൈക്യാട്രിസ്റ്റുകൾ, പീഡിയാട്രീഷ്യൻമാർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, പോഷകാഹാര വിദഗ്ധർ, സൈക്യാട്രിക് സോഷ്യൽ വർക്കർമാർ, ബിഹേവിയർ തെറാപ്പിസ്റ്റുകൾ, ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ, സ്പീച്ച് തെറാപ്പിസ്റ്റുകൾ, സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ, യോഗ പരിശീലകർ എന്നിവരടങ്ങിയ വിദഗ്ദ സംഘമാണ് രോഗികൾക്ക് പരിചരണം നൽകുന്നതെന്ന് ഡോ. പ്രതീഷ് പി ജെ പറഞ്ഞു.



കിടത്തി ചികിത്സാ സൗകര്യവും ഹോംതിയേറ്റർ, ഇൻഡോർ, ഔട്ട്ഡോർ ഗെയിംസ് , ലൈബ്രറി, കഫറ്റീരിയ എന്നിവയും ഉൾപ്പെടുന്ന പ്രശാന്തമായ അന്തരീക്ഷത്തിലാണ് ആശുപത്രി സ്ഥാപിച്ചിട്ടുള്ളത്. സൊലേസ് ഗ്രൂപ്പിന് നിലവിൽ തൃശൂർ, മലപ്പുറം, തിരുവല്ല, ദുബായ് എന്നിവിടങ്ങളിൽ സൈക്യാട്രി ആശുപത്രികളുണ്ട്.സൊലേസ് ഗ്രൂപ്പ് സ്ഥാപകനും സി ഇ ഒയുമായ ഡോ. പ്രതീഷ് പി. ജെ; നടൻ നരേൻ, തൃക്കാക്കര മുനിസിപ്പൽ കൗൺസിലർ എം.ഒ. വർഗീസ്, ഡോ. സ്മിത പ്രതീഷ്, എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

